**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് മിന്നൽ പരിശോധന - കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2830/2016/തസഭവ. തീയതി, തിരുവനന്തപുരം, 06.10.2016.

=====================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.03.2012 തീയതിയിലെ ഇ12(എസ്.സി9/11/എൻ.ആർ.കെ.) 157/2012 നമ്പർ കത്ത്.

2) കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗന് നൽകിയ 27.07.2012 തീയതിയിലെ 40149/ഇയു1/12/ തസ്വഭവ നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് ശ്രീ. അരുൺ രംഗൻ സമർപ്പിച്ച പ്രതിവാദ പത്രിക.

4) നഗരകാര്യ ഡയറക്ടറുടെ 21.11.2012 തീയതിയിലെ വി3-14674/2012 നമ്പർ കത്ത്.

**ഉത്തരവ്**

കോതമംഗലം പന്തലായനി വില്ലേജിലെ ശ്രീ.ഉണ്ണിക്കൃഷ്ണൻ നായർ, ലക്ഷ്മി നിവാസ് എന്ന വ്യക്തിയുടെ മകൾ ശ്രീമതി. ജിഷ കെട്ടിട നിർമ്മാണാനുമതിയ്ക്ക് വേണ്ടി സമർപ്പിച്ച അപേക്ഷ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് കൈക്കൂലി നൽകാത്തതിനെ തുടർന്ന് ആദ്യം സ്വീകരിക്കാതിരിക്കുകയും പിന്നീട് വ്യക്തമായ കാരണം കാണിക്കാതെ നിരസിക്കുകയും ചെയ്തുവെന്ന ശ്രീ. ഉണ്ണിക്കൃഷ്ണൻ നായരുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കോഴിക്കോട് യൂണിറ്റ് 28.7.2011-ൽ കൊയിലാണ്ടി നഗരസഭയിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ആയതിൽ നഗരസഭാ സെക്രട്ടറി ശ്രീ. അരുൺ രംഗന്റെ ഭാഗത്തു നിന്നും താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1) ശ്രീമതി.ജിഷയുടെ അപേക്ഷ ''നഞ്ച കമ്മിറ്റിക്ക്'' അയയ്ക്കുന്നതിന് 2 മാസത്തെ കാലതാമസം ഉണ്ടായി.
2) നഞ്ച കമ്മിറ്റിയുടെ തീരുമാനം അപേക്ഷകയെ അറിയിക്കുന്നതിന് 2 മാസത്തെ താമസമുണ്ടായി.
3) അപേക്ഷക ടിയാളുകളുടെയോ കുടുംബാംഗങ്ങളുടെയോ പേരിൽ വസ്തു/വസ്തുവകകൾ കൈവശമില്ലെന്ന സത്യവാങ്മൂലം 6.12.2010-ൽ സമർപ്പിച്ചെങ്കിലും നഗരസഭാ സെക്രട്ടറി അപേക്ഷ പരിഗണിച്ചില്ല.
4) 18.12.2010-ൽ നഞ്ച കമ്മിറ്റി അപേക്ഷ അംഗീകരിച്ചെങ്കിലും കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടില്ല.

5) കൃഷി ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ അപേക്ഷ പരിഗണിക്കുന്നതിന് ശുപാർശ ചെയ്തെങ്കിലും നഗരസഭാ സെക്രട്ടറി അപേക്ഷ പരിഗണിച്ചില്ല.

2. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കൊയിലാണ്ടി നഗരസഭാ സെക്രട്ടറി ശ്രീ.അരുൺ രംഗനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തു. ടി ശുപാർശ സർക്കാർ പരിശോധിക്കുകയും, ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അരുൺ രംഗന് പരാമർശം രണ്ടു പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി. കുറ്റാരോപണ പത്രത്തിന് ശ്രീ.അരുൺ രംഗൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രിയിൽ ചുവടെപ്പറയുന്ന വസ്തുതകൾ ബോധിപ്പിച്ചിട്ടുണ്ട്.

''അപേക്ഷകയായ ശ്രീമതി. ജിഷ അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട ഫീസ് ഒടുക്കിയത് 28.9.2010 നാണ്. 30.9.2010-ലെ തൊട്ടടുത്ത നഞ്ച കമ്മിറ്റിയിൽ ടിയാളുടെ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനം അപേക്ഷകയെ അറിയിച്ചതിനാലാണ് ടിയാൾ 6.12.2010-ൽ സത്യവാങ്മൂലം ഹാജരാക്കിയത്. 18-12-2010-ലെ നഞ്ച കമ്മിറ്റി കെട്ടിട നിർമ്മാണാനുമതി ശുപാർശ ചെയ്തിട്ടില്ല. കൃഷി ഓഫീസർ പ്രസ്തുത സ്ഥലം 10 വർഷം മുമ്പ് നികത്തപ്പെട്ടതല്ല എന്നാണ് റിപ്പോർട്ട് ചെയ്തത്. മുനിസിപ്പൽ എഞ്ചിനീയർ ആധാരപ്രകാരമുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ സാധിക്കില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് 1999-ന് മുമ്പ് ഭൂമി നികത്തപ്പെട്ടതായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ശ്രീമതി. ജിഷ, നിർമ്മാണത്തിന് മറ്റൊരു ആധാരം കൂടി പരിഗണിക്കണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ആധാരത്തിൽ കാണിച്ചിട്ടുള്ള അതിരളവുകൾ വ്യക്തമല്ലെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18.12.2010-ലെ നഞ്ച കമ്മിറ്റി അപേക്ഷ അംഗീകരിച്ചെന്ന വാദവും കൃഷി ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ നിർമ്മാണത്തിനായി ശുപാർശ ചെയ്തെന്നുമുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതവും കെട്ടിച്ചമച്ചതുമാണ്. കൂടാതെ ഇക്കാര്യത്തിൽ ടിയാനെതിരെ ആരോപണം ഗൂഢാലോചനയുടെ ഭാഗമാണെന്നും, ആയത് പരിഗണിച്ച് കുറ്റവിമുക്തനാക്കണമെന്നും ശ്രീ. അരുൺ രംഗൻ ബോധിപ്പിച്ചിട്ടുണ്ട്.

3. നഗരസഭാ സെക്രട്ടറി ശ്രീ. അരുൺ രംഗൻ സമർപ്പിച്ച പരാമർശം രണ്ടിലെ പ്രതിവാദ പത്രിക, പരാമർശം ഒന്നിലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെയും, കോഴിക്കോട് അർബൻ അഫയേഴ്സ് റീജിയണൽ ഡയറക്ടറുടെ 26.04.2011-ലെ സി.1625/11 നമ്പർ റിപ്പോർട്ടിന്റെയും, പരാമർശം നാലിലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെട്ടിടം നിർമ്മിക്കുവാനുദ്ദേശിച്ച സ്ഥലത്തിന്റെ അതിരളവുകൾ അപേക്ഷയിൽ കാണിക്കാതെയിരിക്കുന്ന കാലത്തോളം അവിടെ കെട്ടിട നിർമ്മാണാനുമതി നൽകുവാൻ നഗരസഭയ്ക്ക് കഴിയില്ല എന്ന കോഴിക്കോട് നഗരകാര്യ റീജിയണൽ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിക്കുമ്പോൾ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാത്തതിൽ മുനിസിപ്പൽ സെക്രട്ടറി ശ്രീ. അരുൺ രംഗന്റെ ഭാഗത്ത് മനഃപ്പൂർവ്വമായ നടപടി ഉണ്ടായതായി കാണുന്നില്ല. ശ്രീ. അരുൺ രംഗനെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ് എന്നതിന് ടിയാൻ തെളിവുകൾ ഹാജരാക്കിയിട്ടുണ്ട് എന്നും ശ്രീമതി. ജിഷയ്ക്ക് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് അപേക്ഷ സ്വീകരിക്കുന്നതിലും നടപടി എടുക്കുന്നതിലും കാലതാമസം വരുത്തിയത്

സംബന്ധിച്ച് ടിയാന്റെ ഭാഗത്തു നിന്നും മനഃപൂർവ്വമായ വീഴ്ചയൊന്നും കാണുന്നില്ല എന്നും കൃഷി ഓഫീസറും, മുനിസിപ്പൽ എഞ്ചിനീയറും കെട്ടിട നിർമ്മാണ അപേക്ഷ പരിഗണിക്കുന്നതിന് ശുപാർശ ചെയ്തുവെന്ന പരാമർശവും ശരിയല്ല എന്നും പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കാമെന്ന് സെക്രട്ടറി അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണ് എന്നും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

4. മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ മുനിസിപ്പൽ സെക്രട്ടറി ശ്രീ.അരുൺ രംഗനെതിരെ പരാമർശം രണ്ട് പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരേണ്ടതുണ്ടെന്ന് സർക്കാർ കാണുന്നില്ല. ആയതിനാൽ ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് പരാമർശം രണ്ടിലെ അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, കൊയിലാണ്ടി നഗരസഭ.
ശ്രീ. അരുൺ രംഗൻ, സെക്രട്ടറി, ആലപ്പുഴ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
വിജിലൻസ് വകുപ്പ് (16.04.2016 തീയതിയിലെ 2583/ഡി1/2016/വിജി.
നമ്പർ കുറിപ്പു പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**